നമ്പർ .T 1090/2016/പി.എച്ച്.ടി.എസ്

പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ
തിരുവനന്തപുരം
തീയതി; 19.10.2016
ഫോൺ നമ്പർ 0471 2479492

# സർക്കുലർ

വിഷയം : പി.എച്ച്.ടി.എസ് – ഡി.എച്ച്.ഐ.സി – റഗുലർ & റീ അപ്പിയറൻസ് പരീക്ഷ നവംബർ 2016 – അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കാർ ഉത്തരവ് നമ്പർ 1262/K2/13/H&FWD തീയതി; 22.03.2013.

ഡി.എച്ച്.ഐ കോഴ്സിന്റെ ഒന്നാം വർഷത്തേയും അവസാന വർഷത്തേയും റഗുലർ പരീക്ഷ നവംബർ 2016 ൽ നടത്തുവാനായി ഉദ്ദേശിക്കുന്നു. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള ഫീസിന്റെ ഘടന ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫാറം രൂപ 10/-
2. പരീക്ഷ ഫീ ഓരോ പേപ്പറിനും രൂപ 150/- വീതം
3. പരീക്ഷ ഫീ (റിഅപ്പിയറൻസ്) ഓരോ പേപ്പറിനും രൂപ 200/- വീതം
4. മാർക്ക് ലിസ്റ്റ് ഓരോ വർഷത്തിനും രൂപ 50/- വീതം
5. ഡിപ്ലോമാ ലഭിക്കുന്നതിന് രൂപ 100/- (ഡിപ്ലോമയ്ക്ക് അപേക്ഷ നൽകുന്ന സമയത്ത്)

വിദ്യാർത്ഥികൾ അവർ ഇതുവരെ എഴുതിയ ഡി.എച്ച്.ഐ പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകളുടെ ശരിപ്പകർപ്പും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൻെറ ശരിപ്പകർപ്പും റിഅപ്പിയറൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്. അല്ലാത്തവ യാതൊരുമുന്നറിയിപ്പുമില്ലാതെ നിരസിക്കുന്നതായിരിക്കും. എന്നാൽ 2016 ജൂലൈ മാസം നടത്തിയ പരീക്ഷയിൽ പരാജയപ്പെട്ട പേപ്പറുകൾക്ക് വീണ്ടും ഈ പരീക്ഷയിൽ എഴുതുവാൻ ആഗ്രഹിക്കുന്നവർ മാർക്ക് ലിസ്റ്റിന് പകരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച റിസൾട്ട് സ്റ്റേറ്റ്മെന്റിൻെറ പകർപ്പ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. കോളേജ് അധികൃതർ ഫീസിനത്തിലുള്ള തുക മുഴുവനായും സ്വീകരിച്ച് ഓരോ ബാച്ചിനും പ്രത്യേകം സ്റ്റേറ്റ്മെന്റും വച്ച് അതോടൊപ്പം ഡി.ഡി (എസ്.ബി.ടിയിൽ നിന്നുള്ളത്) സെക്രട്ടറി, പാരാ മെഡിക്കൽ കൗൺസിൽ തിരുവനന്തപുരത്തിന്റെ പേരിൽ എടുത്ത് എസ്.ബി.ടി മെയിൻ ബ്രാഞ്ച്, തിരുവനന്തപുരത്ത് മാറേണ്ട വിധം അയയ്ക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗത്തിലുള്ള കുട്ടികളും റീ അപ്പിയറൻസ് പരീക്ഷയ്ക്ക് ഫീസ് അടയ്ക്കേണ്ടതാണ്.

കോഴ്സ് പൂർത്തിയാകുന്നതിന് മുമ്പുള്ള റീ അപ്പിയറൻസിന് പുറമേ സൂചനയിലെ സർക്കാർ ഉത്തരവിൽ നാല് റീ അപ്പിയറൻസാണ് തോറ്റ വിദ്യാർത്ഥികൾക്ക് നൽകിയിരിക്കുന്നത്. ഈ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയ വർഷം മുതൽ നാല് വർഷത്തിനകം ഈ നാല് അവസരം ഉപയോഗപ്പെടുത്തി പരീക്ഷ പാസാകേണ്ടതാണ്.

ഫോട്ടോ സാക്ഷ്യപ്പെടുത്താത്തതും പൂർണ്ണമായും പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ തിരസ്കരിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 02.11.2016. അപേക്ഷ ഫാറം ഈ സർക്കുലറിനോടൊപ്പം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ www.dhs.kerala.gov.in/results ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷയും ഡി.ഡിയും പ്രിൻസിപ്പാൾ,പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, തിരുവനന്തപുരം – 695035 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

നോഡൽ ആഫീസർ(ഡി.എച്ച്.ഐ.സി)/